"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനകാര്യം - ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് ശ്രീ. ഷാനവാസ് എ - കൊല്ലം ജില്ലാ പഞ്ചായത്ത്
കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവനം
അവസാനിപ്പിച്ച് മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1005/2024/LSGD തീയതി,തിരുവനന്തപുരം, 09-06-2024

---

പരാമർശം:- 1. 18.04.2023ലെ സ ഉ (സാധാ) നം.888/2023/തസ്വഭവ നമ്പർ ഉത്തരവ്

2. 21.10.2023ലെ സ ഉ (സാധാ)നം.2069/2023/തസ്വഭവ നമ്പർ ഉത്തരവ്

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.02.2024ലെ LSGD/PD/133/2023-IE3 നമ്പർ കത്ത്

4. 09.04.2024ലെ സ ഉ (പി) നം.27/2024/ഫിൻ നമ്പർ ഉത്തരവ്

5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2024ലെ LSGD/PD/16411/2024-IE3 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ചീഫ് ടൗൺ പ്ലാനറുടെ
കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയ ശ്രീ. ഷാനവാസ് .എ യ്ക്ക്
കൊല്ലം ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ
ടിയാന്റെ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം 12.03.2023 മുതൽ ഒരു വർഷത്തേക്ക്
ദീർഘിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു . പ്രസ്തുത അന്യത്രസേവനകാലാവധി
11.03.2024ൽ അവസാനിക്കുന്ന സാഹചര്യത്തിൽ ശ്രീ. ഷാനവാസ് .എ യുടെ കൊല്ലം ജില്ലാ
പഞ്ചായത്ത് കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ
അന്യത്രസേവനകാലയളവ് 12.03.2024 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്ന്
അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ
ഡയറക്ടർ ലഭ്യമാക്കിയിരുന്നു . ഇക്കാര്യം പരിശോധിച്ച വരവേ പരാമർശം (2) പ്രകാരം അന്യത്ര
സേവന വ്യവസ്ഥയിൽ നിയമനം നടത്തിയിരുന്ന ജില്ലാ പഞ്ചായത്ത് ഓഫീസുകളിലെ 14
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ വകുപ്പിന്റെ കേഡർ തസ്തികകളാക്കി മാറ്റി
ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം
നടത്തുന്നതിനായി നിലവിൽ ടി തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്ന
ജീവനക്കാരെ വിടുതൽ ചെയ്ത് മാതൃ വകുപ്പിലേയ്ക്ക് അയക്കേണ്ടതുണ്ട് എന്നും ആയതിനാൽ പരാമർശം
(2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷാനവാസ്.എ യുടെ അന്യത്ര സേവന കാലാവധി
ദീർഘിപ്പിച്ച് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3 )
പ്രകാരം സമർപ്പിച്ചിരുന്ന ശിപാർശ പരിഗണിക്കേണ്ടതില്ല എന്നും ശ്രീ.ഷാനവാസ് എ-യെ
ആസ്ഥാന കാര്യാലയത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്നും
പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ
അഭ്യർത്ഥിക്കുകയുണ്ടായി.

2 .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-ലെ ലോക് സഭ

തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റ ചട്ടം നിലനിൽക്കുന്ന കാലയളവിൽ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്ന ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ 30.06.2024 വരെ പരാമർശം (4) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (5) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ വകുപ്പിലെ ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് ശ്രീ. ഷാനവാസ്.എ-യുടെ കൊല്ലം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള സേവനം അവസാനിപ്പിച്ച് അടിയന്തരമായി മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. പ്രസിഡന്റ് / സെക്രട്ടറി , കൊല്ലം ജില്ലാ പഞ്ചായത്ത്
3 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. അക്കൗണ്ടന്റ് ജനറൽ(എൽ ബി & എ) ) കേരള, തിരുവനന്തപുരം
5.. ശ്രീ.ഷാനവാസ് എ . . കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II .
( കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
6. ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം
7.ഡയറക്ടർ , ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.52/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 10-06-2024 11:11:58